# ജി. യു. പി. എസ്. കുണ്ടുങ്ങൽ




# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



ആമുഖം

1905-ൽ കോഴിക്കോട് നഗരത്തിന്റെ തെക്ക് പടിഞ്ഞാറുള്ള കുണ്ടു ങ്ങൽ പ്രദേശത്ത് ചില സാമൂഹ്യ സ്നേഹികളുടെ പരിശ്രമത്താൽ ആരംഭിച്ച കുണ്ടുങ്ങൽ ജി.യു. പി സ്കൂൾ 119 വർഷം പിന്നിടുകയാണ്.ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു."അക്കാദമിക മികവ് -വിദ്യാലയ മികവ് "എന്ന ലക്ഷ്യം കൈവരിക്കാൻ ഉള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ അക്കാദമിക ആസൂത്രണ രേഖ തയ്യാറാക്കിയിരിക്കുകയാണ്. എഴുത്ത്, വായന മറ്റ് അക്കാദമിക് നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജി. യു.പി.എസ് കുണ്ടുങ്ങൽ
അടിസ്ഥാന വിവരങ്ങൾ
വിഭാഗം
അപ്പർ പ്രൈമറി സ്കൂൾ
മേൽവിലാസം
ജി. യു.പി. സ്കൂൾ കുണ്ടുങ്ങൽ, കല്ലായി(p.o), കോഴിക്കോട്
ഫോൺ
2300027
സ്കൂൾ കോഡ്
17239
വിദ്യാഭ്യാസ ജില്ല
കോഴിക്കോട്
വിദ്യാഭ്യാസ ഉപജില്ല
കോഴിക്കോട് സിറ്റി
റവന്യൂ ജില്ല
കോഴിക്കോട്
കോർപ്പറേഷൻ
കോഴിക്കോട്
നിയമസഭാ മണ്ഡലം
കോഴിക്കോട് സൗത്ത്
ലോക്സഭാ മണ്ഡലം
കോഴിക്കോട്
താലൂക്ക്
കോഴിക്കോട്
വില്ലേജ്
നഗരം
ഇമെയിൽ വിലാസം
gupskundunga@gmail.com

പൊതുലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തുന്ന എല്ലാ കുട്ടി കൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുഎന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം , ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാ നുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയുടെയും അഭിരുചി , കഴിവ് എന്നിവ കണ്ടെത്തുകയുംപരമാവധി പ്രോത്സാഹനവും ഉയർന്ന പരി ശീലനവും ലഭ്യമാക്കുകയും ചെയ്യുക.
4. വായനഒരുസംസ്കാരമായി
രൂപപ്പെടുത്തുന്നതിനാവശ്യമായ
തരത്തിലുള്ളപ്രവർത്തനങ്ങളൊരുക്കുക.
5. ആധുനികസാങ്കേതിക വിദ്യാസാധ്യതകൾ
കൂടുതൽഫലപ്രദമായിക്ലാസ്സ്മുറികളിൽഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീ കരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാ നുഭവങ്ങൾകുട്ടികൾക്ക് ഉറപ്പുവരുത്തുക .
6. സയൻസ് ലാബ്, കമ്പ്യൂ ട്ടർ ലാബ് തുടങ്ങി യവ ആധുനികവത്കരിക്കുക.
7. 'വിദ്യാലയം ഒരു പാഠപുസ്തകം ' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായിവിദ്യാലയ പരിസരങ്ങൾ മാറ്റുക
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ
പ്രവർത്തനങ്ങൾസംഘടിപ്പിക്കുക.
11. ജൈവവൈവിധ്യ കലവറയായി വിദ്യാ ലയത്തെ മാറ്റുക.
12. മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം,വേസ്റ്റ് മാനേജ്മെന്റ് മലിന ജലനിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. വിദ്യാലയം ഹൈടെക് ആയി മാറ്റുക.
14. രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ എടുക്കുക.
14. കൃഷി,ഔഷധത്തോട്ടം,ഉദ്യാനം എന്നിവ മികച്ച രീതിയിൽ തുടങ്ങുകയും പരിപാലിക്കുകയും ചെയ്യുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കുക.
,

അക്കാദമിക ഭൗതിക നേട്ടങ്ങൾ/പരിമിതികൾ

നേട്ടങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.

ആധുനികരീതിയിൽ എയർകണ്ടീഷൻ ചെയ്ത ശിശു സൗഹൃദമായ ലോവർ പ്രൈമറി കെട്ടിട സമുച്ചയം

മികച്ച സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി

സയൻസ് ലാബ്

കമ്പ്യൂട്ടർ ലാബ്

ഫുട്ബോൾ അക്കാദമി

പഠന പിന്തുണ പ്രവർത്തനങ്ങൾ

പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാ ചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്

മികച്ച പിടിഎ എസ് എം സി.എസ് എസ് ജി

പരിമിതികൾ

മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷിഎന്നിവ കൈവരിക്കാൻ കഴി കഴിഞ്ഞിട്ടില്ല..

പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല.

വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നു വെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.

കുട്ടി കളുടെ എണ്ണത്തി നാ വശ്യ മായ കമ്പ്യൂ ട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്,സ്ഥിരതയുള്ള ഇന്റർനെറ്റ്, കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമാ യിബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.

പിടിഎ യുടെ നേതൃത്വത്തിലാണ് ഫണ്ട് കണ്ടെത്തുന്നത്. സ്ഥിരമായി ഒരു കോച്ചിനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല.

പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ ഇടപെടൽ മെച്ചപ്പെടേണ്ടതുണ്ട്.

കുട്ടികളുടെ കലാ പ്രവർത്തി പരിചയ കഴിവുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവയ്ക്ക് വേണ്ടവിധത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല

എല്ലാ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല

വിഷയനിർദ്ദിഷ്ട ലക്ഷ്യങ്ങൾ
മാസ്റ്റർപ്ലാൻ വിവിധ അക്കാദമിക, പാഠ്യേ തരമേഖലകളിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ വി ശദീകരിക്കുന്നു, ഓരോ മേഖലയിലും വിദ്യാ ർത്ഥികൾക്ക് ലഭിക്കേണ്ട ഫലങ്ങൾ രൂപരേ ഖ ചെയ്യുന്നു.

ഭാഷാവികസനം

ഭാഷാവികസനത്തിനായുള്ള പൊതു ലക്ഷ്യ ങ്ങൾ, എല്ലാ കുട്ടികളെയും അർത്ഥപൂ ർണ്ണ മായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക, എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാ സ്സുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക എന്നിവയാണ്. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും , സർഗ്ഗാ ത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും , ആശയങ്ങൾ വിവിധ തരത്തി ൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസി പ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മികച്ച വായനാശീ ലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്, ഭാഷാ ശേ ഷി വികസനത്തിനായി ആധുനിക സാങ്കേ തികവിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകു ന്നു .

ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക, ഇംഗ്ലീഷിൽ ആവിഷ്കാ രങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകു ക എന്നിവയാണ് പ്രധാന ആശയവിനിമയ ലക്ഷ്യങ്ങൾ. സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാ ർത്ഥികളെ സജ്ജരാക്കാൻ
ഈ പദ്ധതി ലക്ഷ്യമിടുന്നു. വിഭവങ്ങളുടെ ഉപയോഗവും ഒരു പ്രധാന വശമാണ്, ഇംഗ്ലീ ഷ് ഭാഷാ വികസനത്തിനായി
സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോ ജനപ്പെടുത്തുക, ആശയപരമായ അവതരണ രീതികളിലൂടെ അടിസ്ഥാന ഭാഷാ കഴിവുകൾ നേടുന്നതിന് സചിത്ര നോട്ട്ബുക്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിവ ലക്ഷ്യങ്ങളി ൽ ഉൾപ്പെടുന്നു . കൂടാതെ , ക്ലാ സ്സ്തല വായനാകോർണറുകളിലും സ്കൂൾ ലൈബ്രറിയിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കാനും , "ഹലോ ഇംഗ്ലീഷ്" മാതൃകയി ൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹാ യത്തോടെ നിർമ്മാണ
വർക്ക്ഷോ പ്പു കൾ ആസൂത്രണം ചെയ്യാ നും പദ്ധതിയിൽ ഉൾപ്പെടുന്നു .

ശാസ്ത്ര പഠനം

ശാസ്ത്രപഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാ സ്ത്രീയ താ ല്പര്യം വളർത്തുന്നതിലും ശാ സ്ത്രീയ അവബോധവും മനോഭാവവും വി കസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരി ക്കുന്നു. ശാസ്ത്രീയ രീതികൾ സ്വായത്തമാ ക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പി ക്കുകയും ചെയ്യുന്നത് നൈപുണ്യവി കസനത്തി ൽ ഉൾപ്പെടുന്നു . ലാബ് ആധുനി കവത്കരണവും ഈ പദ്ധതി ലക്ഷ്യ മി ടുന്നു,ലാബ് ആധുനിക സൗകര്യ ങ്ങളോടെ സജ്ജീകരിക്കുകയും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യും . ശാസ്ത്രത്തി ലെ നൂതനാശയങ്ങളി ൽ നിന്ന് കുട്ടികൾക്ക് പ്രയോജനം നേടാൻ പ്രാപ്തരാക്കുന്നതിലൂടെയും ശാസ്ത്ര വിദ്യാ ഭ്യാസത്തിനായി ആധുനിക ശാസ്ത്ര സാങ്കേ തികവിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെയും നവീ കരണവും സാങ്കേതികവിദ്യയും സമന്വയിപ്പി ക്കുന്നു.
സാമൂഹികാവബോധം

സാമൂഹികാവബോധത്തിന്റെ മേഖലയി ൽ, ജനാധിപത്യവേദികൾ സൃഷ്ടിക്കാനും , സമൂഹത്തിന്റെ പുരോഗതിയിൽ
തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് ഉത്തരവാദി ത്തത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജനാധിപത്യ ജീവിത സംസ്കാ രം വളർത്തിയെടുക്കുന്നതും ഒരു പ്രധാന ലക്ഷ്യമാണ്. ഇവ നേടുന്നതിനായി , ദിനാ ചരണങ്ങൾ, ബോധവൽക്കരണ പരിപാടി കൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനെ ലക്ഷ്യമിടുന്നു.
ഗണിതം

ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാ വീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധി പ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ ക്ലാസ്സും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേ ഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യ പദ്ധതി യുടെ വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിതചിന്ത, യുക്തി ചിന്ത,വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനി ക വികസനത്തിന് ഊന്നൽ നൽകുന്നു . ഗണിത പഠനത്തിനായി ആധുനിക
സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യ മിടുന്നു.
ഐ.സി.ടി സാധ്യതകൾ പ്രയോ ജനപ്പെടുത്തൽ

വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നി ർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്ത സാ ധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെ യ്യുക എന്നതാണ്ലക്ഷ്യ ങ്ങൾ. കുട്ടികൾക്ക് കമ്പ്യൂ ട്ടറുകൾ സ്വതന്ത്രമായും നിർഭയമാ യും ഉപയോഗിക്കാൻ കഴിവുനേടുക അധ്യാ പക ശാക്തീകരണവും വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറുകൾ സ്വതന്ത്രമായും നിർഭയമായും ഉപയോഗിക്കാൻ അവസരം നൽകുന്ന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു. കമ്പ്യൂ ട്ടറുകളുടെ അപര്യാ പ്തതയും സ്ഥിരതയില്ലാ ഇന്റർനെ റ്റ്കവറേ ജും എന്ന പരിമിതിയെ അഭിസംബോധന ചെയ്തുകൊണ്ട്, ലഭ്യമായ വിഭവങ്ങളുടെ പരമാവധി ഉപയോഗത്തിനു ഈ സംരംഭം ഊന്നൽ നൽകുന്നു .
പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ

പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ നൈ പുണ്യ വികസനം , ഉൽപ്പന്ന നിർമ്മാണം , സർഗ്ഗാത്മക കരകൗശലം എന്നിവയെ അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ചിരി ക്കുന്നത്. "പ്രവൃത്തി പരിചയ ശി ല്പശാ ല" സോപ്പ് , പാവകൾ, മാലകൾ, waste material ഉല്പന്നങ്ങൾ തുടങ്ങിയ വിവിധ പ്രവൃത്തി പരി ചയ വിഭാഗങ്ങളിൽ കുട്ടികൾക്ക് പരിശീ ലനം നൽകുന്നു , ഇത് എല്ലാ കുട്ടികളിലും നി ർമ്മാണ കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യ മിടുന്നു. "സ്കൂൾ
പ്രോഡക്റ്റുകൾ" സോപ്പ്, പേപ്പർ ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനായി സ്കൂളി നുള്ളി ൽ ഒരു യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യ മിടുന്നു, ഇത് പ്രായോഗിക ഉൽപ്പാദന കഴി വുകൾ വളർത്തുന്നു . "ഒറിഗാമി ക്യാമ്പ്" അധ്യാ പകർക്ക് ഒറി ഗാ മി പരി ശീ ലനം നൽകുകയും പാഠ്യ പദ്ധതി യുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ പി ന്തുണയ്ക്കുകയും ചെയ്യുന്നു, അതുവഴി സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നു .ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാ ക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിലൂടെ വിഭവസമാഹരണശേഷി വളർത്തുന്നതിനും ഇത് ഊന്നൽ നൽകു ന്നു . പ്രവൃത്തി
പരിചയ പ്രവർത്തനങ്ങളെ മറ്റ് വിഷയങ്ങളുമായും പഠനമേഖലകളുമായും ബന്ധിപ്പി ക്കുന്നതിലൂടെ ഒരു അന്തർവിഷയ ബന്ധം സ്ഥാപിക്കുന്നത് ഒരു പ്രധാന വശമാണ്.

ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ, കുട്ടി കളെ അവരുടെ മനസ്സി ന്റെ ശക്തി യെ കുറിച്ച് ബോധവാന്മാരാക്കുകയും
ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാ പ്തരാക്കുകയും ചെയ്യാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികൾക്കും ശാരീരി കക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാ ന ലക്ഷ്യമാണ്, ഒപ്പം ആരോഗ്യകരമായ ശീ ലങ്ങൾ വളർത്തുകയും ചെയ്യുക. എല്ലാ കുട്ടി കൾക്കും ആരോഗ്യ കായിക വിദ്യാഭ്യാ സത്തിന് തുല്യ അവസരങ്ങൾ നൽകാനും , ക്യാമ്പസിനെ മാലിന്യ മുക്തവും ഹരിതാ ഭവുമാക്കി പാരിസ്ഥിതിക ആരോഗ്യത്തിന് സംഭാവന
നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

അറബി

ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെ യും അർത്ഥപൂ ർണ്ണമായി അറബി വായി ക്കാനും എഴുതാനും പ്രാപ്തരാക്കുക എന്നതാണ് അടിസ്ഥാനപരമായ കഴി വുകൾക്ക് മുൻഗണന നൽകുന്നത്. പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാ ക്കുന്നത് നിർണായകമാണ്. വായനയിലൂടെ യും എഴുത്തിലൂടെയും ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം ക്ലാസ്സ്മുറികളിൽ സൃഷ്ടിക്കാനും ,വിദ്യാഭ്യാ സപരമായ മൂല്യങ്ങൾ ഭാഷാ പഠനനേട്ടങ്ങളി ലൂടെ സമന്വയിപ്പിക്കുന്നുവെന്ന് ഉറപ്പാക്കാ നും ഈ പദ്ധതി ലക്ഷ്യമിടുന്നു. അവസാനമാ യി , ഭാഷാ പഠനത്തി ൽ ഐ.ടി . സാധ്യ തകൾ ഉപയോഗിക്കാനും വികസിപ്പിക്കാ നുമുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുന്നു..

വിലയിരുത്തൽ

വിദ്യാർത്ഥികളുടെ പുരോഗതി
വിലയിരുത്തുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സമഗ്രമാ യ സംവിധാനങ്ങൾ മാസ്റ്റർ പ്ലാൻ വിശദീകരി ക്കുന്നു,

വ്യക്തിഗത മാസ്റ്റർപ്ലാൻ

ഒരു കുട്ടിയുടെ പുരോഗതിയെ കേവലം പരീക്ഷാ മാർക്കുകൾക്കപ്പുറം ശാസ്ത്രീയമായി രേഖപ്പെ ടുത്താനും ശേഖരിക്കാനുമുള്ള ഒരു ബഹുമുഖ പ്രക്രിയയായാണ് വ്യക്തിഗത മാസ്റ്റർ പ്ലാനിനെ നി ർവചിച്ചിരിക്കുന്നത്. ഇത് കുട്ടിയുടെ ബൗദ്ധിക കഴിവ്, സാമൂഹിക പെരുമാറ്റം , സർഗ്ഗാത്മക കഴി വുകൾ,
മാനസികാവസ്ഥകൾ,ശാരീരികക്ഷമത എന്നിവയെ സമാനമായി വിലമതിക്കുകയും രേ ഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ
ക്ലാസ്സിലും തുടർച്ചയായി സൂക്ഷിക്കുകയും അടുത്ത ക്ലാസ്സിലേക്ക് കൈമാറ്റം ചെയ്യപ്പെ ടുകയും വേണം .
ഇതിന്റെ ലക്ഷ്യങ്ങളിൽ ബഹുമുഖ വളർച്ച രേ ഖപ്പെടുത്തുക, ബുദ്ധിമുട്ടുകളും പുരോഗതിയും
തിരിച്ചറിഞ്ഞ് ഉചിതമായ ഇടപെട.ലുകൾ ആസൂത്രണം ചെയ്യുക, അഭിപ്രായങ്ങൾ, നിരീ ക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒരു രേഖയിൽ ഉൾപ്പെടു ത്തുക, നിരന്തരമായ പഠനത്തിന് ശാസ്ത്രീയമായ അടിസ്ഥാനം നൽകുക, പാഠ്യപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാ പ്തി വിലയിരുത്തുക എന്നി വ ഉൾപ്പെ ടു ന്നു.വ്യക്തിഗത മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന ഘട്ടങ്ങളി ൽ, വൈജ്ഞാ നി കം (അക്കാ ദമി കം ), വൈകാരികം ,
സാമൂഹികം , ശാരീരികം , മാനസികം /മൂല്യ ബോ ധം , ആശയവിനിമയക്ഷമത,സഹപാഠികളുമാ യുള്ള ഇടപെടൽ/സഹകരണം എന്നിങ്ങനെ യുള്ള പ്രധാന വിലയിരുത്തൽ മേഖലകൾ
തിരിച്ചറിയുന്ന ഒരു രൂപരേഖ തയ്യാറാക്കുന്നത് ഉൾപ്പെടുന്നു . തുടർന്ന്, ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ, അധ്യാപകരുടെ അഭി പ്രാ യങ്ങൾ, പി .ടി .എ. വിലയിരുത്തലുകൾ, ക്ലാസ്സ്
പ്രവർത്തനങ്ങൾ,പ്രകടനങ്ങൾ, നേട്ടങ്ങൾ എന്നി വ ഉപയോഗിച്ച് വിലയിരുത്തൽ ഘടകങ്ങൾ നി ർവചിക്കുന്നു . ഒരു കുട്ടിയുടെ സ്വഭാവത്തിലെ മാ റ്റങ്ങളും ഇടപെ ടലുകൾക്ക് അനുസരി ച്ചുള്ള വളർച്ചാ ഘട്ടങ്ങളും ഉൾപ്പെടെ , മാസത്തിലും
പാദത്തിലും നിരീക്ഷണങ്ങളും വിലയി രുത്തലുകളും കൃത്യ സമയത്ത് രേഖപ്പെടുത്താ ൻ ഈ പ്രക്രിയ നി ർബന്ധമാക്കുന്നു . അവസാനമായി , അധ്യ യന വർഷാവസാനം ഈ രേഖ പുതിയ ക്ലാസ്സി ലേ ക്ക് കൈമാറുന്നു.

അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂൾതല പ്രവർത്തനങ്ങൾ

## മേഖല: ആരോഗ്യ കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം,ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | ഫുട്ബോൾ അക്കാദമി രൂപീകരണം,പരിശീലനം | സെപ്റ്റംബർ -മെയ് | പി.ടി.എ പൂർവ വിദ്യാർത്ഥി സംഘടന അധ്യാപകർ | പി. ടി. എ |
| സ്വയം പ്രതിരോധ പരിശീലനം | പെൺകുട്ടികൾക്ക് കരാട്ടെ,യോഗ പരിശീലനം | സെപ്റ്റംബർ-മെയ് | എം. പി.ടി. എ അധ്യാപകർ | പി.ടി. എ പൂർവ്വ വിദ്യാർത്ഥി സംഘടന |

മേഖല : അക്കാദമികം -സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സി.പി.ടി.എ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്ക് കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയുന്നതിനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവറ്റുന്നതിനും | * സി പി ടി എ കാര്യക്ഷമമായി നടത്തൽ<br>* ബോധവൽക്കരണ ക്ലാസുകൾ<br>* കോർണർ പിടിഎ | മാസത്തിൽ ഒന്ന്<br>മൂന്നു മാസത്തിൽ ഒന്ന് | പി ടി എ എസ്. ആർ. ജി | പി ടി എ |

മേഖല :ഭൗതികം

ഉപമേഖല: ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *എയർ കണ്ടീഷൻഡ് ഹൈടെക് ക്ലാസ് മുറികൾ ഒരുക്കൽ | പൂർവ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു അഭ്യുദയകാംക്ഷികൾ തുടങ്ങിയവരുടെ സഹായത്തോടെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ - നവംബർ | പി. ടി. എ | പി. ടി. എ. പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ |
| * ടർഫ് ഗ്രൗണ്ട് സജ്ജമാക്കുക | *കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലേക്ക് എത്തിക്കുന്നതിനായി ഗ്രൗണ്ട് സജ്ജ മാക്കുക | *ജൂൺ - നവംബർ | *പി. ടി. എ | *പി. ടി. എ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ |

മേഖല : കലാ പ്രവർത്തി പരിചയ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസികളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗവാസന കളെ കണ്ടെത്തുക.ആവശ്യമായ പരിശീലനം നൽകി അവ പരിപോഷിപ്പിക്കുകയും ചെയ്യുക. | ജൂലൈ -മാർച്ച് | എസ്. ആർ. ജി | പൂർവ വിദ്യാർത്ഥി സംഘടന |
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകൽ,വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ<br>.ശില്പശാല സംഘടിപ്പിക്കൽ<br>. പേപ്പർ ബാഗ് നിർമ്മാണം<br>. ഒറിഗാമി<br>. സോപ്പ് നിർമ്മാണം | ജൂലൈ -മാർച്ച് | എസ്. ആർ. ജി | പി ടി എ |

മേഖല: അക്കാദമികം
ഉപമേഖല :ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക *ഭാഷാപരമായ പിന്നോക്കാ വസ്ഥ പരിഹരിക്കുക | *അക്ഷരമുറപ്പിക്കൽ *ചിഹ്നങ്ങൾ ഉറപ്പിക്കൽ *പദ നിർമ്മാണം *അസംബ്ലി *ഡയറി എഴുത്ത് * സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ജൂൺ -മാർച്ച് | എസ്. ആർ. ജി | പി. ടി. എ |
| *കുട്ടികളിൽസാഹിത്യ അഭിരുചി വളർത്തുക * വായനയെ പ്രോത്സാഹിപ്പിക്കുക | *ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ *ക്ലാസ്സ് ലൈബ്രറിനവീകരിക്കൽ *സ്കൂൾ ലൈബ്രറി നവീകരണം *റീഡിങ് റൂം സൗകര്യമൊരുക്കൽ *വായനോത്സവം *പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ *ഓരോ ക്ലാസിലും ഓരോ പത്രം *പത്ര ക്വിസ് *ലൈബ്രറിക്ക് മുന്നിൽ പുസ്തകം ചെറുവിവരണങ്ങളോടെ പ്രദർശിപ്പിക്കൽ * പിറന്നാളിന് ഒരു പുസ്തകം | ജൂൺ -മാർച്ച് | എസ്. ആർ. ജി | പി. ടി. എ |
| സർഗ്ഗശേഷി വികസനം ലേഖനം | *സാഹിത്യ ശില്പശാല *ക്ലാസ്സ് പത്രം തയ്യാറാക്കൽ *ഇ -വായന *അമ്മ വായന | ജൂൺ -മാർച്ച് | എസ്. ആർ. ജി | പി. ടി. എ |

| | | | | |
|---|---|---|---|---|
| | *റീഡേഴ്സ് തിയേറ്റർ<br>*അസംബ്ലി<br>*സഹവാസ ക്യാമ്പ്<br>* ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ<br>*രചനോത്സവം<br>* പാട്ടരങ്ങ് | | | |

## ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം

### ഉപമേഖല : രാസ ലഹരി മൊബൈൽ അഡിക്ഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ,പോസ്റ്റർ നിർമ്മാണം,വീഡിയോ പ്രദർശനം എന്നി പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ബോധം വളർത്തുക | ജൂൺ/മാർച്ച് | SPG | |

### ഉപമേഖല :സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക | ശരിയായ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടുള്ള വോട്ടെടുപ്പ് പാർലമെന്റ് രൂപീകരണം മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ജൂലൈ | സോഷ്യൽ സയൻസ് ക്ലബ് | പി. ടി. എ |
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ,മ്യൂസിയങ്ങൾ,മറ്റ് സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ,ചരിത്രസ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | ഒക്ടോബർ - ഡിസംബർ | എസ്. ആർ. ജി | പി. ടി. എ |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | പരീക്ഷണക്കളരി, സ്കൂൾതലഎക്സിബിഷൻ ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ശാസ്ത്ര ലാബ്നവീകരണം ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ സോപ്പ് നിർമ്മാണം പഠനോപകരണ ശില്പശാല ശാസ്ത്ര കിറ്റ് തയ്യാറാക്കൽ | ജൂൺ-ഫെബ്രുവരി | സയൻസ് ക്ലബ് | പി. ടി. എ |
| സ്കൂൾ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങളെ പരിചയപ്പെടുക,അവയെ സംരക്ഷിക്കുക,പച്ചക്കറി ത്തോട്ടം ഒരുക്കുക | ഓഗസ്റ്റ് -മാർച്ച് | സയൻസ് ക്ലബ് | പി. ടി. എ |

## ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ, ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത പാർക്ക് സജ്ജീകരിക്കൽ,ഗണിത ലാബ് സജ്ജീകരിക്കുക, ഗണിത കിറ്റുകൾ ഉപയോഗിച്ചുള്ള ഗണിത പഠനം ഗണിത മൂല ഗണിതം മധുരം -ഗണിതത്തിൽ പിന്തുണ വേണ്ടവർക്കുള്ള ശില്പശാല | ജൂൺ -മാർച്ച് | എസ്. ആർ. ജി | പി. ടി. എ |

ഉപമേഖല :വിവരസാങ്കേതികവിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ,പരിചയപ്പെടൽ അധ്യാപകർക്ക് സമഗ്രയിൽ പരിശീലനം ഐടി ലാബ് മെച്ചപ്പെടുത്തൽ കുട്ടികൾക്ക് പരിശീലനം | ജൂൺ | സിറ്റ് | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സൗകര്യം | | ജൂൺ | SITC | |

ഉപസംഹാരം

ഗവൺമെന്റ് യ.പി.സ്കൂൾ കുണ്ടുങ്ങലിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ്.കുട്ടിയുടെ സർവ്വതോൻമുഖമായ  വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തി കമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന് വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ  ഈ പ്രവർ ത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെ യും, സമൂഹത്തിന്റെയും,ജനപ്രതിനിധികളുടെയും,തദ്ദേശസ്ഥാപനങ്ങളുടെയും സഹകരണം കൊണ്ട് സാധിക്കും എന്ന ഉത്തമ വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.